(ജി) 365. തൊഴിൽ രഹിതരായവർക്ക്, തൊഴിൽ ലഭിക്കാനുതകുംവിധം പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

സഹകരണ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും ഭരണസമിതി തെരഞ്ഞെടുപ്പിൽ അക്രമം

80 [2732] ശ്രീ. എ. കെ. മണി:
,, പി. ടി. തോമസ്:
,, ടി. വി. ചന്ദ്രമോഹൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര സഹകരണ സംഘങ്ങളുടെയും സഹകരണ ബാങ്കുകളുടെയും ഭരണസമിതി തെരഞ്ഞെടുപ്പിൽ അക്രമം ഉണ്ടായിട്ടുണ്ട്;

(ബി) അന്ന് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അക്രമം നടന്ന സഹകരണ സംഘങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടെയും ഭരണസമിതി തെരഞ്ഞെടുപ്പിൽ ഏതു കക്ഷിയിലോ മുന്നണിയിലോ പെട്ട സ്ഥാനാർത്ഥികളാണ് ജയിച്ചുവന്നത്?

ഉത്തരം

(എ, ബി)) വിവരം ശേഖരിച്ചു വരുന്നു.

സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ

81 [2733] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതിയെപ്പറ്റി പഠിക്കുവാൻ ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റി എന്നാണ് നിലവിൽ വന്നത്;

(സി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് എന്നാണ് ഗവൺമെന്റിന് സമർപ്പിച്ചത്;

(ഡി) പ്രസ്തുത റിപ്പോർട്ടിൻമേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27-9-2001-ൽ.

(സി) 2002 ജൂൺ മാസം.

(ഡി) കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly